Unstarred Questions and Answers

ബസ്സുകൾ ഓടിക്കുവാനുള്ള നടപടികൾ.

83 [1] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പെരായി—ആലുവാ റൂട്ടിൽ ഓടുന്ന ബസ്സുകളിൽ യാത്രക്കാരുടെ തിരക്ക് വളരെ കൂടുതലാണെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ആ റൂട്ടിൽ കൂടുതൽ ബസ്സുകൾ ഓടിക്കുവാൻ നടപടി എടുക്കുമോ;

(ബി) ആലുവായിൽനിന്ന് പറവൂർവരെ ഓടുന്ന ബസ്സുകളിൽ ചിലതെങ്കിലും പെരായിവരെ ഓടിക്കുവാൻ നിർദ്ദേശം കൊടുക്കുമോ;

(സി) പെരായിൽ ഒരു വെയിറ്റിംഗ് ഷെഡ്ഡ് പണിയുവാൻ ഉടനടി നടപടി എടുക്കുമോ;

ഉത്തരം

(എ) പ്രസ്തുത റൂട്ടിൽ യാത്രക്കാരുടെ തിരക്ക് കൂടുതലാണെന്നുള്ള വസ്തുത ശ്രദ്ധയിൽപെട്ടിട്ടില്ല.

(ബി) അങ്ങനെ ഒരു നിർദ്ദേശം കൊടുക്കേണ്ട ആവശ്യം ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല.

(സി) ഇപ്പോഴത്തെ നിലക്ക് സാദ്ധ്യമല്ല.

Primary Schools in Munnar—Noon Feeding

84. [2] ശ്രീ. ടി. മുരുകേശൻ; കീഴ് കാണും വിധങ്ങളുടെ സ്തല സ്ഥാപന മന്ത്രി അവർകൾ വിടെ പകർവാർക്കളാക:

(എ) മൂന്നാർ പഞ്ചായത്തു എല്കൈക്കുൾപ്പെട്ട പ്ലാന്റേഷൻ ഏരിയാവിൽ എത്തനെ പ്രൈമറി സ്കൂൾസ്, ഇരുക്കിറതെന്നും, എത്തനെ പിള്ളൈകൾ പടിത്തു വരുകിറാർകളെന്നും ഉള്ള വിവരങ്കൾ മൂന്നാർ പഞ്ചായത്തു എക്സിക്യൂട്ടിവ് ആഫീസർ സർക്കാരുക്കു അറിവിത്തതുണ്ടാ;

(ബി) അപ്പടി കിടൈത്തിരുക്കുമാനാൽ ഇന്ത പള്ളിക്കൂടങ്കളിൽ എന്ത തർമ സ്ഥാപനങ്കളിലിരുന്തു കൊടുക്കപ്പെട്ടു വരുകിറ noon-feeding അനുകൂലങ്കൾ കിടൈക്കപ്പടവില്ലൈയെന്റു ഡെപ്യൂ ആഫീഷർ സർക്കാരുക്കുത് തെരിയപ്പടുത്തിയതുണ്ടാ;

(സി) അപ്പടിയാനാൽ അതർക്കു എന്ന നടപടിക്കൈ എടുത്തിരുക്കിറതു എന കൂറലാമാ?

വിടെ

(എ) ഇല്ലൈ.
(ബി) ഇല്ലൈ.
(സി) കേൾവിക്കു ഇടമില്ലൈ.

CALLING ATTENTION UNDER RULE 61

9 a m. Difficulties experienced by the Scheduled Caste students staying in the University Hostel, Trivandrum in the matter of payment for mess.

Mr. Speaker: I have received notices under rule 61 from Shri P. K. Kunjachan and Shri O. Koran about the difficulties experienced by the Scheduled Caste students in the University Hostel in regard to payment for their mess on the dividing system. I call upon Shri P. K. Kunjachan to make a statement.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ താമസിച്ച് കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 45 രൂപ മാത്രമേ പ്രതിമാസം സ്റ്റൈപ്പെൻറ് കൊടുക്കുകയുള്ളൂ എന്നൊരു ഓർഡർ ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്നു. ഇതുവരെ താമസിച്ച പഠിച്ച കാലത്തു് ഡിഫെഡിംഗ് സിസ്റ്റം അനുസരിച്ച് ഉണ്ടായിട്ടുള്ള മൊത്തം ചെലവിൽ പ്രതിമാസം 45 രൂപാ വച്ചുള്ള തുക കഴിച്ച് ബാക്കി തുക മുഴുവൻ ഉടൻ കൊടുത്തില്ലെങ്കിൽ; ഉടൻ തന്നെ ഹോസ്റ്റൽ വിട്ട് പോകണം എന്നാണ് ഓർഡർ.

"Those who cannot afford to give the excess amount will please leave the Hostel forthwith".

നമ്മുടെ പട്ടികജാതി വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ജാതിയുടെ പേരിലുള്ള അധമത്വം ഉണ്ടാകാൻ പാടില്ല. ഒരു ഇൻഫീരിയാറിറ്റി കോംപ്ലക്സ് ഉണ്ടാകാൻ പാടില്ല എന്നുള്ള രണ്ടുതത്വങ്ങളും പരിഗണിച്ചാണ് ഈ പട്ടികജാതി വിദ്യാർത്ഥികളെ യൂണിവേഴ്സിറ്റി ഹോസ്റ്റലിലും അതുപോലെയുള്ള മറ്റു ഹോസ്റ്റലിലും പ്രവേശിപ്പിച്ച മറ്റു കുട്ടികളോടൊപ്പം കഴിയുന്നതിനു ഇടനൽകുന്നത്. എല്ലാ ഹോസ്റ്റലുകളിലും മിക്കവാറും മെസ് നടത്തിക്കൊണ്ടിരിക്കുന്നതു് ഡിഫെഡിംഗ് സിസ്റ്റം അനുസരിച്ചാണ്. ആകെ എത്ര ചെലവുണ്ടാകുമോ അതു എല്ലാവരുംകൂടി വീതിച്ചുകൊടുക്കും. ഇതിനുമുമ്പു ഹരിജൻ വിദ്യാർത്ഥികൾക്കു എത്ര ചെലവു വരുമോ അതു കണക്കാക്കി കൊടുത്തിരുന്നു. ഇപ്പോൾ പുതിയതായി ഒരു ഓർഡർ ഇറക്കിയിരിക്കുകയാണ്. എത്ര ചെലവുവന്നാലും 45 രൂപ മാത്രമേ കൊടുക്കുകയുള്ളൂ എന്നു്. കോളേജു തുറക്കുന്ന അവസരത്തിൽ ഈ കുട്ടികൾ ഹോസ്റ്റലും അഡ്മിഷനു അപേക്ഷിച്ചിരിക്കണം എന്നു വ്യവസ്ഥയുണ്ടു്. യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ അഡ്മിഷൻ കിട്ടാതെ വരികയാണെങ്കിൽ മാത്രമേ മറ്റു ലാഡ്ജുകളിൽ താമസിക്കുവാൻ പാടുള്ളൂ; എന്നുള്ളതു നിർബന്ധവുമാണു്. ഹോസ്റ്റലിലെ ചെലവിനു വേണ്ടിവരുന്ന തുക കൊടുക്കുകയുമില്ല. പരീക്ഷ അടുത്തിരിക്കുന്ന അവസരത്തിൽ ഇങ്ങനെ ഒരു ഓർഡർ കൊടുത്തിരിക്കുന്നതു വിദ്യാർത്ഥികൾക്കു് ദുഃഖമുണ്ടാക്കുന്നതാണു്. അവർക്കു അവരുടെ പഠിത്തവുമായി മുന്നോട്ടു പോകാൻ കഴിയാതെ വരും ഹോസ്റ്റലിൽ എത്ര ചെലവു വരുമോ അതു ഈ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്കു സ്റ്റൈപ്പെൻറായി കൊടുക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു അപേക്ഷിക്കുകയാണു്. ഇതു വച്ചു താമസിപ്പിക്കുവാനുള്ള കാര്യമല്ല. മാർച്ചുമാസത്തിലെ പരീക്ഷക്കുവേണ്ടി കുട്ടികൾ ജാഗ്രതയോടുകൂടി പഠിച്ചുകൊണ്ടിരിക്കുന്ന സന്ദർഭമാണു് ഇതു്. ഇപ്പോൾ ഇങ്ങനെയൊരു ഓർഡർ കൊണ്ടുവന്നു ഉത്തേജിതപ്പെടുത്തുകയാണെങ്കിൽ അവരുടെ ഈ കൊല്ലത്തെ പഠിത്തം തുലഞ്ഞുപോകും. അതിനു അവസരം നൽകാതിരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നാണു് എനിക്കു ഈ മോഷൻവഴി ഗവണ്മെൻറിനോടപേക്ഷിക്കുവാനുള്ളതു്.

ശ്രീ. കെ. കുഞ്ഞാമ്പു: സർ, ഞാൻ നാളെ മറുപടി പറയാം.

Mr. Speaker: The reply will be given later.

Papers Laid on the Table

Minister for Industries and Local Administration (**Shri K. A. Damodara Menon**): Sir, I lay on the Table a copy of the Sixth Annual Report of the Travancore Minerals Limited, Quilon for the year ended 31st March 1963 together with a copy of Review on the working of the company, as required by Section 619-A of the Companies Act, 1956.

LIBRARY ARCHIVES Kerala Legislative Assembly